കാർഷിക വായ്പയ്ക്കുള്ള പലിശയിളവ്

6 [*123] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, പ്രൊഫ. എ. ഡി. മുസ്തഫ :

,, വർക്കല കഹാർ:

,, വി. ജെ.പൗലോസ്:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പയ്ക്ക് 6 മാസത്തെ പലിശയിളവ് നൽകാൻ എത്ര തുകയാണ് മാറ്റിവച്ചത് എന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ എത്ര തുക നൽകാനായി എന്ന് വ്യക്തമാക്കാമോ ;

(സി) ബാക്കി തുക നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ് ;

(ഡി) ഇക്കാര്യത്തിൽ സഹകരണസംഘങ്ങളുടെ ഭാഗത്തുനിന്ന് അനാസ്ഥയുണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ ആ സംഘങ്ങളുടെ മേൽ എന്തു നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമത്തിൻകീഴിൽ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് 6 മാസത്തെ പലിശയിളവ് അനുവദിക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2002-2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തുകയുണ്ടായി.

(ബി) 13,99,02,000 (പതിമൂന്ന് കോടി തൊണ്ണൂറ്റിയൊൻപതുലക്ഷത്തി രണ്ടായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) സംഘങ്ങളിൽ നിന്നും നിശ്ചിത സമയത്തിനകം അപേക്ഷകൾ/ സ്റ്റേറ്റുമെന്റ് ലഭ്യമാകാതിരുന്നതിനാലാണ് ബാക്കി തുക നൽകാൻ കഴിയാതിരുന്നത്.

(ഡി) സംഘങ്ങൾ കൃത്യമായി റിപ്പോർട്ട് തരാതിരുന്നിട്ടുണ്ട്.

(ഇ) റിപ്പോർട്ട് നൽകുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകുവാൻ രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly